


# അച്യുതം

## ഡിജിറ്റൽ മാഗസിൻ

# അച്യുതം

## ഡിജിറ്റൽ മാഗസിൻ

### സ്ക്കൂൾ ലിറ്റിൽകൈറ്റ്സ് യൂണിറ്റിന്റെ പ്രഥമ ഉദ്യമം

## മാഗസിനെക്കുറിച്ച്

വിവരവിനിമയ സാങ്കേതിക വിദ്യയിൽ അഭിരുചിയുള്ള, കുട്ടികളുടെ ഒരു സംഘം രൂപപ്പെടുത്തിയെടുക്കാനായുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ശ്രമമാണ് സ്കൂളുകളിൽ ലിറ്റിൽകൈറ്റ്സ് ഐടി ക്ലബ്ബിന്റെ രൂപീകരണത്തിലേയ്ക്ക് വഴിവച്ചത്. ഈ അദ്ധ്യയനവർഷം മുതൽ തന്നെ നമ്മുടെ വിദ്യാലയത്തിലും ക്ലബ്ബ് ആരംഭിച്ചുകഴിഞ്ഞു. അതിന്റെ ഭാഗമായി,ആനിമേഷൻ, പ്രോഗ്രാമിംഗ്,മലയാളം കംപ്യൂട്ടിംഗ്, റോബോട്ടിക്സ്, മൊബൈൽ ആപ്പ് നിർമ്മാണം, കംപ്യൂട്ടർ ഹാർഡ്‌വെയർ, വാർത്താനിർമ്മാണം എന്നിങ്ങനെ വിവിധ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നടന്നുകൊണ്ടിരിക്കുന്നു.

മലയാളം കംപ്യൂട്ടിംഗുമായി ബന്ധപ്പെട്ട്, കുട്ടികളെ മലയാളഭാഷാ നിവേശകരീതികൾ പരിചയപ്പെടുത്തുന്നതിനും ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിന് ആവശ്യമായ സങ്കേതങ്ങൾ പരിശീലിപ്പിക്കുന്നതിനുമായി, സമയബന്ധിതമായി പൂർത്തീകരിക്കേണ്ട ഒരു പ്രൊജക്ടിന്റെ ഭാഗമായാണ് ഈ മാഗസിൻ പിറവികൊണ്ടിട്ടുള്ളത്.

വിവിധ വർഷങ്ങളിലെ വിദ്യാരംഗം പ്രവർത്തനങ്ങളുടെ ഭാഗമായി ലഭിച്ച സാഹിത്യസൃഷ്ടികളും, വിദ്യാലത്തിലെ കവികളുടെയും സാഹിത്യാഭിരുചിയുള്ള അദ്ധ്യാപകരുടെയും രചനകളും മാഗസിന്റെ സൃഷ്ടിയ്ക്കായി ഉപയോഗിച്ചിട്ടുണ്ട്. ഇതിനായി സഹകരിച്ച വിദ്യാരംഗം കൺവീനർമാരായ സുമ ടീച്ചറോടും രാജി ടീച്ചറോടും മലയാളം അദ്ധ്യാപകരായ

രാമകൃഷ്ണൻ മഷോടും, ജയചന്ദ്രൻ മാഷോടും, അഭിലാഷ് മാഷോടും നന്ദി അറിയിക്കുന്നു.

ഡിജിറ്റൽ മാഗസിനായതുകൊണ്ടുതന്നെ, അച്ചടിക്കുന്നതോടെ മാറ്റങ്ങൾ അസാധ്യമാകുമെന്ന സാധാരണ മാഗസിനുകളുടെ പരിമിതി, ഈ മാഗസിന് ഇല്ലെന്നതു എടുത്തുപറയട്ടെ. ആയതിനാൽ ഇപ്പോൾ ചേർക്കാൻ കഴിയാതിരുന്ന പല രചനകളും ഉൾപ്പെടുത്താനുള്ള അനന്തമായ സാധ്യത തുറന്നിട്ടുകൊണ്ടാണ് ഈ മാഗസിൻ നിങ്ങളുടെ കൈകളിലെത്തുന്നത്

എന്ന്

**കൈറ്റ് മാസ്റ്റർ & മിസ്ട്രസ്**



സ്കൂൾ സ്ഥാപകൻ

ഹരിഹരമംഗലം കീഴൂർവാരിയത്ത്

അച്യുതവാര്യർ



മാനേജർ

ശ്രീ. കെ. രാംകുമാർ



പ്രിൻസിപ്പൽ

ശ്രീ. ഉണ്ണിമാധവൻ. ഇ



ഹെഡ്മിസ്ട്രസ്

ശ്രീമതി. വിജയകുമാരി. പി.വി

# വിഭവങ്ങൾ


വിദ്യാലയ ചരിത്രം.............................................................9
ലോകത്തെ അറിയുവാൻ.........................................................13
കണ്ണ് ഒരു കൃഷിഭൂമി...........................................................14
ഗൗതം. പി.വി (9C)..............................................................
അടുപ്പം.............................................................................15
സാന്ദ്ര വിക്രം. വി.കെ (9G)..............................................
മോഹം.............................................................................17
മൃദുല മോഹൻ. കെ.............................................................
കണ്ടില്ല............................................................................18
രാമകൃഷ്ണൻ കുമരനല്ലൂർ........................................................1
ഉണ്ണിക്കുട്ടന്റെ ലോകം........................................................19
പ്രിയംവദ. കെ (8K)..............................................................
പാത്തുമ്മയുടെ ആട്...........................................................20
മനീഷ മനോജ്......................................................................
വീടിനു ചുറ്റും.....................................................................21
ജയചന്ദ്രൻ പൂക്കരത്തറ...........................................................
രാത്രി..............................................................................23
ശ്രീലാൽ. വി. വി (8G)...........................................................
തടാകത്തിനുകുറുകെയൊറ്റക്ക് കരഞ്ഞുപോകുന്ന തോണി 24
അഭിലാഷ്. കെ.....................................................................
വരകൾ വർണ്ണങ്ങൾ...........................................................25
ശിവാനി. പി.ജി...................................................................
സനത്ത്. കെ.യു....................................................................
എഴുത്ത്............................................................................27
ജിപ്സൺ ജേക്കബ്................................................................

# വിദ്യാലയ ചരിത്രം[1]



വിദ്യാഭ്യാസം കൊണ്ടേ നാടിനു പുരോഗതിയുണ്ടാകൂ എന്നു വിശ്വസിച്ചിരുന്ന സി.വി. ചെറിയാൻ എന്ന അദ്ധ്യാപകൻ, പൊന്നാനിയിൽ ഒരു വിദ്യാലയം ആരംഭിക്കുന്നതിനായി ചില പ്രമാണികളെ സമീപിക്കുന്നതോടെയാണ്, എ.വി. ഹയർ സെക്കണ്ടറി സ്കൂൾ എന്ന പേരിൽ ഇന്ന് ലോകമെങ്ങും അറിയപ്പെടുന്ന ഈ വിദ്യാലയത്തിന്റെ ചരിത്രം ആരംഭിക്കുന്നത്.

ഹരിഹരമംഗലത്ത് കെ. അച്യുതവാര്യർ പ്രസിഡണ്ടും, പി.പി. കരുണാകര മേനോൻ, കെ.വി. ശങ്കുണ്ണി മേനോൻ, പി. അച്യുതമേനോൻ, കരുവാട്ട് പരമേശ്വരൻ നമ്പൂതിരി, പരുത്തുള്ളി താമു മേനോൻ, വക്കീൽ ദൊരസ്വാമി അയ്യർ, പി.കെ. രാവുണ്ണി

1 സ്മരണികയിലെ ഒരു നൂറ്റാണ്ടിന്റെ വിസ്മയം എന്ന ലേഖനം ചില മാറ്റങ്ങളോടെ ചുരുക്കിയെഴുതിയത്

മേനോൻ എന്നിവർ അംഗങ്ങളുമായ കമ്മിറ്റിയാണ് ചെറിയാൻ മാസ്റ്ററുടെ ആശയത്തെ യാഥാർത്ഥ്യമാക്കിയത്.

1895 ഫെബ്രുവരി ഇരുപതാം തിയ്യതി 'നേറ്റീവ് മിഡിൽ സ്കൂൾ, പൊന്നാനി ' എന്ന പേരിൽ ഈ വിദ്യാലയം പ്രവർത്തനം ആരംഭിക്കുമ്പോൾ ചെറിയാൻ മാസ്റ്റർ തന്നെയായിരുന്നു പ്രധാനാദ്ധ്യാപകൻ. ആദ്യ വിദ്യാർത്ഥിയായി ചേർന്നത് ശങ്കരമേനോന്റെ മകൻ ഉള്ളാട്ടിൽ രാമുണ്ണിയും.



1909 ആയപ്പോഴേയ്ക്കും സാമ്പത്തിക പ്രതിസന്ധിമൂലം സ്കൂളിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനാകാത്ത അവസ്ഥയിലെത്തിയിരുന്നു. അക്കൊല്ലം മാർച്ച് 27 ന് സ്കൂളിന്റെ മുഴുവൻ ചുമതലയും കമ്മിറ്റി അച്യുതവാര്യരെ ഏൽപ്പിച്ചു. എട്ടുവർഷങ്ങൾക്കുശേഷം പൊന്നാനി തഹസിൽദാരായിരുന്ന

നാരായണ കിനി മുൻകൈയ്യെടുത്ത് സ്കൂളിനെ ഹൈസ്കൂളായി ഉയർത്തി. ' ദി ഹിന്ദു സെക്കണ്ടറി സ്കൂൾ ' എന്നായിരുന്നു ആദ്യത്തെ പേരെങ്കിലും 1919 ൽ 'ദി ഹൈസ്കൂൾ, പൊന്നാനി'യായും 1935 ൽ അച്യുതവാര്യരുടെ മരണശേഷം 'എ.വി. ഹൈസ്കൂൾ, പൊന്നാനി'യായും മാറി.



2010 ഒക്ടോബർ 13 ന് ഹയർസെക്കണ്ടറി സ്കൂളായി ഉയർത്തപ്പെട്ടതോടെ സ്കൂളിന്റെ പേര് എ.വി. ഹയർസെക്കണ്ടറി സ്കൂൾ, പൊന്നാനി എന്നായി.

പ്രഗത്ഭരായ ഹെഡ്മാസ്റ്റർമാരുടേയും അദ്ധ്യാപകരുടേയും പരമ്പര ഈ വിദ്യാലയത്തിന് അനുഗ്രഹമായിരുന്നു. 'കേരളഗാന്ധി'യെന്ന അപരനാമത്തിൽ അറിയപ്പെടുന്ന കെ. കേളപ്പൻ ഇവിടുത്തെ ഫിസിക്സ് അദ്ധ്യാപകനായിരുന്നു. പ്രമുഖ

മലയാള കവിയും കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ പി.പി. രാമചന്ദ്രൻ ഏറെക്കാലം ഇവിടെ മലയാളം അദ്ധ്യാപകനായിരുന്നു.

പ്രശസ്തരായ പൂർവ്വവിദ്യാർത്ഥികളുടെ നീണ്ടനിരയും ഈ വിദ്യാലയത്തിനുണ്ട്. മലബാർ കളക്ടറായിരുന്ന എൻ. ഇ. എസ്. രാഘവാചാരി, മുൻ റിസർവ് ബാങ്ക് ഗവർണർ എസ്. ജഗന്നാഥൻ, മദിരാശി ഹൈക്കോർട്ട് ജഡ്ജിയായിരുന്ന ജസ്റ്റിസ് കുഞ്ഞഹമ്മദ്കുട്ടിഹാജി, കേരള ഹൈക്കോടതി മുൻ ജഡ്ജി ചേറ്റൂർ ശങ്കരൻ നായർ, മുൻ വിദ്യാഭ്യാസ ജോ. ഡയറക്ടർ ചിത്രൻ നമ്പൂതിരിപ്പാട്, മലപ്പുറം ജില്ലാകളക്ടറായിരുന്ന പി. വി. എസ്. വാരിയർ, മുൻമന്ത്രി ഇ. കെ. ഇമ്പിച്ചിബാവ, സാഹിത്യകാരന്മാരായ എം. ഗോവിന്ദൻ, ഉറൂബ്, കടവനാട് കുട്ടികൃഷ്ണൻ, സി. രാധാകൃഷ്ണൻ, ഇ. ഹരികുമാർ, കെ. പി. രാമനുണ്ണി എന്നിവരും പ്രശസ്ത ചിത്രകാരന്മാരായ കെ. സി. എസ്. പണിക്കർ, ടി. കെ. പത്മിനി തുടങ്ങിയവരും ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളാണ്.

# ലോകത്തെ അറിയുവാൻ

**ഗൗതം. പി.വി** (9C)

മാനത്ത് നിൽക്കുന്ന
ചന്ദ്രന്റെ പാൽക്കുടം
തട്ടിയെടുക്കുവാൻ മോഹം

കാറ്റിൽ കുലുങ്ങുന്ന
തരുവിൻ ശിരസ്സിലെ
മരതകം കാണുവാൻ മോഹം

വെട്ടിത്തിളങ്ങുന്ന
പുഴയുടെ മെയ്യിലോ
കണ്ണാടി നോക്കുവാൻ
മോഹം

കണ്ണിറുക്കുന്നോരു
താരകപ്പൂളിനെ
കൊത്തിക്കൊറിക്കുവാൻ
മോഹം

തേൻ ചുരത്തുന്നൊരു
പൂവിന്റെയിതളുകൾ
തഴുകിത്തലോടുവാൻ
മോഹം

സൂര്യനെപ്പോലെ
ജ്വലിക്കുന്ന ലോകത്തെ
നേരിട്ടറിയുവാൻ
മോഹം

## കണ്ണ് ഒരു കൃഷിഭൂമി

കണ്ണ്
ഒരു കൃഷിഭൂമിയാണ്

നിറഞ്ഞുകവിയും
കണ്ണീരൊഴുക്കിയ ചാലുകൾ
പ്രത്യക്ഷപ്പെടും

കളകളുഴുത നിലത്തിലെ
ചാലാണിത്

കൺപീലികൾ
ഉയരുന്ന ഞാറാണ്;
പുരികം വരമ്പ്

കണ്ണിലൂടെ എന്തും കാണാം
കൃഷി വിളയുന്ന ഭൂമിയിൽ
ലോകം പ്രതിഫലിക്കും

ഒരിക്കൽ കണ്ണടയും
ഒരു വയലും
എന്നെന്നേയ്ക്കുമായി വരളും

# അടുപ്പം

## സാന്ദ്ര വിക്രം. വി.കെ (9G)

നാളുകൾ കുറെ ആയി വീട്ടുമുറ്റത്ത് ഒരു മാവ് നിൽക്കുന്നു. മുത്തച്ഛൻ നട്ടതാണെന്നു പറയുന്നതു കേട്ടിട്ടുണ്ട്. നാളത്തെ തലമുറ തരിശുഭൂമിയെ കിനാവുകണ്ടു വളർന്നുവരുന്നവരാവുമെന്ന് മൂപ്പർക്കു തോന്നിയിട്ടുണ്ടാവാം. മാവിനുപുറമേ, ഉങ്ങ്, തേക്ക്, തെങ്ങ്, കവുങ്ങ്, വാക, കാഞ്ഞിരം, ബദാം എന്നിങ്ങനെ നാനാജാതി മരങ്ങൾ മൂപ്പർ വച്ചുപിടിപ്പിച്ചവയിൽപ്പെടും. അവയെല്ലാം വലുതായി ഫലം കായ്ക്കാൻ തുടങ്ങിയിരിക്കുന്നു. എങ്കിലും, എന്നെ മയക്കിയത് ഇവയൊന്നുമല്ല, ഒരു മൂട്ടിക്കുടിയൻ മാവാണ്. എന്തെന്നറിയില്ല ഞാനറിയാതെ എന്നിലെ ഒരു കൈ അതിനെ എപ്പോഴും തലോടുന്നുണ്ടായിരുന്നു.

പച്ചമാങ്ങയാവുമ്പോൾ അതിന്റെ പുളി എന്നെ ആകർഷിച്ചു. അതിനെ കീഴടക്കാൻ ഞാൻ ഉപ്പിനേയും മുളകിനേയും കൂട്ടുപിടിച്ചു. മാങ്ങ പഴുത്തു നിൽക്കുന്നതുകാണുമ്പോൾ എന്റെ വായിൽ പുഴയൊഴുകി. വലിയ തോട്ടികൾ മാങ്ങയുടെ ഞെട്ടികളുമായി ശണ്ഠകൂടുമ്പോൾ, പഴുത്തുതുടുത്ത മാമ്പഴങ്ങൾ യുദ്ധത്തിൽ തോറ്റ്, ചോരയൊലിപ്പിച്ചു കിടന്നു. ഞാനും എന്റെ സഹോദരരും ഞൊടിയിടയിൽ അവയെ കോരിയെടുത്ത് മൂട്ടിക്കുടിച്ചു!

അടുത്ത പറമ്പിലെ വീട്ടുകാർക്ക് അവരുടെ സ്ഥലം തികയാതെ വന്നപ്പോൾ, ഞങ്ങളുടെ മാവു നിൽക്കുന്ന സ്ഥലംകൂടി വാങ്ങിയാൽ കൊള്ളാമെന്നായി. ദിവസങ്ങൾക്കുള്ളിൽ അവർ ആ സ്ഥലം കൈക്കലാക്കി. പിന്നെ, ആ മാവെന്ന നിലവിളക്കണയാൻ അധികം താമസമുണ്ടായില്ല. മാവുമുറിയ്ക്കാനായി എത്തിയവർ നിമിഷങ്ങൾക്കൊണ്ട് അതിന്റെ ചില്ലകളെല്ലാം താഴെ വീഴ്ത്തി. അതിൽ ഒരു ചില്ല, എന്നെ

സങ്കടത്തോടെ നോക്കുന്നതുപോലെ തോന്നി. കണ്ണുകളിൽ വെള്ളപ്പൊക്കമുണ്ടായത് പെട്ടന്നായിരുന്നു. എന്തോ ഒരു പിടച്ചിലായി മാവിനെക്കുറിച്ചുള്ള എന്റെ ഓർമ്മകൾ മാത്രം അവശേഷിച്ചു.

# മോഹം

**മൃദുല മോഹൻ. കെ**

വെറുതേയിരിക്കുമ്പോൾ മഴവില്ലുമേയുമീ
മണിമുറ്റത്തെത്തുവാൻ മോഹം
ഇവിടെയിളങ്കാറ്റിൽ ആടിരസിക്കുന്ന
പുളിമരച്ചോട്ടിലിരിക്കാൻ മോഹം

മധുവുണ്ണും കുയിലിന്റെ നറുമൊഴി കേൾക്കുവാൻ
ഉള്ളിന്റെ ഉള്ളിലൊരു മോഹം
മനസ്സായ് പെയ്യുന്ന മഴതൻ മടിയിൽ
മകളായ് മയങ്ങുവാൻ മോഹം

കുലുങ്ങിച്ചിരിക്കും കുറുമണിമുല്ലയെ
തൊട്ടൊന്നുണർത്തുവാൻ മോഹം
മനസ്സിൽനിന്നൊരിക്കലും മായാത്ത
കൂട്ടുകാരിയെ കാണാൻ മോഹം

മോഹം തളിരണിയും രാവിൻ
മടിത്തട്ടിൽ ചായാനായ് മോഹം
മോഹങ്ങളങ്ങനെയൊഴുകുന്ന മനസ്സിൽ
ഒരിക്കലും തീരാത്ത കടൽപോലെ

# കണ്ടില്ല

## രാമകൃഷ്ണൻ കുമരനല്ലൂർ

ആരോ തൊട്ടു വിളിച്ചതു പോലെ
പൊട്ടി വിരിഞ്ഞൂ താരങ്ങൾ

പൂവുകൾ മാത്രം കണ്ടു, ചെടിത-
ന്നിലയും തണ്ടും കണ്ടീലാ...

പൂന്തേനുണ്ടോ പൂമണമുണ്ടോ
പൂങ്കാറ്റിങ്ങോട്ടെത്തീലാ...

ആരോ തൊട്ടുമയക്കിയപോലെ
കണ്ണിമ പൂട്ടീ താരങ്ങൾ!

വീണ്ടും വിടരാൻ മൊട്ടുകളുണ്ടോ
മിഴിയങ്ങോട്ടേയ്ക്കെത്തീലാ...!

# ഉണ്ണിക്കുട്ടന്റെ ലോകം

### പ്രിയംവദ. കെ (8K)

ഞാൻ വായിച്ച ബാലസാഹിത്യ നോവലാണ് *ഉണ്ണിക്കുട്ടന്റെ ലോകം*. നന്തനാർ എന്ന തൂലികാനാമത്തിലറിയപ്പെടുന്ന പി.സി. ഗോപാലനാണ് ഇതെഴുതിയത്.

'ഉണ്ണിക്കുട്ടന്റെ ഒരു ദിവസം', 'ഉണ്ണിക്കുട്ടൻ സ്കൂളിൽ' 'ഉണ്ണിക്കുട്ടൻ വളരുകയായി' എന്ന മൂന്നുഭാഗങ്ങളാണ് ഈ പുസ്തകത്തിനുള്ളത്.

ഗ്രാമീണ പശ്ചാത്തലത്തിലുള്ള ഒരു ചെറിയ കുടുംബത്തിലെ കൊച്ചുകുട്ടികളുടെ കാഴ്ചപ്പാടിലൂടെയാണ് നന്തനാർ അങ്ങിനെയൊരു ലോകം വരച്ചുകാട്ടുന്നത്. ഉണ്ണിക്കുട്ടൻ എന്ന ഒരു ചെറിയകുട്ടിയാണ് ഇതിലെ കേന്ദ്രകഥാപാത്രം.

ചെടികളും, പൂക്കളും, മരങ്ങളും, മൃഗങ്ങളും, പക്ഷികളും ഉണ്ണിക്കുട്ടനോട് വർത്തമാനം പറഞ്ഞു. അവന്റെ സംശയങ്ങളിലൂടെയും കൊച്ചുകൊച്ചു കിന്നാരങ്ങളിലൂടെയും അവൻ വളരുന്നു. അച്ഛനും അമ്മയും കുട്ടേട്ടനും അമ്മിണിയും മുത്തശ്ശനും മുത്തശ്ശിയും കുട്ടൻനായരുമെല്ലാം അടങ്ങുന്ന ഒരു കൊച്ചുലോകമാണ് ഉണ്ണിക്കുട്ടനുള്ളത്.

1973 ൽ പ്രസിദ്ധീകരിച്ചതാണീ പുസ്തകം. ഉണ്ണിക്കുട്ടന്റെ കുഞ്ഞുമനസ്സിലെ ആഹ്ലാദത്തിന്റെയും കുസൃതികളുടെയും കൊച്ചുകൊച്ചു ദുഃഖങ്ങളുടെയും കഥയാണ് ഈ പുസ്തകത്തിലൂടെ നന്തനാർ വളരെ ഹൃദ്യമായ ഭാഷയിൽ വരച്ചുകാട്ടുന്നത്.

# പാത്തുമ്മയുടെ ആട്

**മനീഷ മനോജ്**

വൈക്കം മുഹമ്മദ് ബഷീറിന്റെ ഏറെ പ്രശസ്തമായ നോവലാണ് പാത്തുമ്മയുടെ ആട്. തനിനാടൻ ശൈലിയിൽ ജീവിതം വരച്ചുകാട്ടുന്ന ഈ നോവലിൽ, കഥാകൃത്തിന്റെ സഹോദരിയായ പാത്തുമ്മയുടെ ആടാണ് മുഖ്യകഥാപാത്രം. അതിന്റെ കുസൃതികൾ വളരെ രസകരമായി ഈ നോവലിൽ വരച്ചുവയ്ക്കുന്നതായി കാണാം. പുസ്തകവും, നിക്കറിന്റെ പോക്കറ്റും ആടുതിന്നുന്നതും, നാണയത്തുട്ടിനുവേണ്ടി ആടിനുപുറകെ നടക്കുന്നതുമായ സന്ദർഭങ്ങൾ ആരെയും ചിരിപ്പിക്കും. ബഷീറിന് ഏറെ ഇഷ്ടമായ ചാമ്പക്കമരവും അതിലെ ചാമ്പക്കയിൽ കണ്ണുവയ്ക്കുന്ന പെൺകുട്ടികളോട് അദ്ദേഹത്തിനു തോന്നുന്ന കൗതുകവും രസകരമാണെന്ന് പറയാതെവയ്യ.
പൊതുവേ ഗ്രാമ്യഭാഷയിൽ എഴുതിയ ഈ നോവലിൽ, തന്റെ ഉമ്മയോട് അച്ചടിഭാഷയിൽ "മാതാവേ, അൽപം ദാഹജലം തന്നാലും" എന്ന ചോദിക്കുമ്പോൾ ഭാഷാവൈവിധ്യത്തെ താരതമ്യംചെയ്ത് ചിരിയുണർത്താൻ കഥാകൃത്തിനാകുന്നുണ്ട്. തന്റെ പ്രിയപ്പെട്ടവരെല്ലാം കഥയിൽ ഉൾപ്പെടുത്താൻ അദ്ദേഹം മടികാണിക്കുന്നില്ലെന്നതും എടുത്തുപറയേണ്ടതാണ്.

# വീടിനു ചുറ്റും

**ജയചന്ദ്രൻ പൂക്കരത്തറ**

വീടിനു ചുറ്റും
നട്ടു നീർത്തുന്ന മരങ്ങൾ.
വർണത്താൽ
മധുഗന്ധത്താൽ
മാടി വിളിക്കുന്നു.
ചുനയാൽ പുളിയെ
മധുരിപ്പിക്കുന്നു.
തണലാൽ ചൂടിനെ
ആട്ടിയകറ്റുന്നു.
കൊമ്പുകൾ ചേർത്ത്
കയറ്റിയിരുത്തുന്നു.
പള്ളച്ചൊറി
ഉരച്ചകറ്റുന്നു.
അകലെ നിന്നും
കൊത്തിയ മീൻ
വെച്ചു വിളമ്പുന്നു.
മുട്ടകൾ ഭദ്രം
വിരിച്ചു പറത്തുന്നു.
കാറ്റു പിടിച്ച്
കിതപ്പാറ്റിയെടുക്കുന്നു.
കരിമുകിലേകിയ
വെള്ളമെടുത്ത്
കണ്ണീരാക്കുന്നു.
വെയിലുമിരുട്ടും
കോരിയെടുത്ത്
നിശ്ശബ്ദത പകരുന്നു.

പകലിൻ ചിത്രം
നിലത്തു വരയ്ക്കുന്നു.
കാതോർക്കുമ്പോൾ
ഹൃദയത്തിൻ ടിക്
ശബ്ദം കേൾക്കുന്നു.
വീടിനു ചുറ്റും
വെറുതെ നടക്കും
കണ്ണു കിടയ്ക്കുന്നു.

# രാത്രി

## ശ്രീലാൽ. വി. വി (8G)

സൂര്യൻ പതുക്കെ മറഞ്ഞു
മാനത്തെ ചന്ദ്രിക പൂത്തു
വെള്ളിനിലാവിന്റെ സ്പർശം, ഭൂമിയെ
വെള്ളപ്പുതപ്പിട്ടു മൂടി
മഞ്ഞുതുള്ളികൾ തണുപ്പിച്ച
കാറ്റിൻ കുളിർമകൊണ്ടുറങ്ങി
വിസ്മയം കണ്ടുകൊണ്ടാകാശ
ദീപങ്ങൾ വിടർന്നു
ഇരുളിന്റെ ശാന്തത ഉണർന്നു
മൂകതയെങ്ങും പടർന്നു.

# തടാകത്തിനകുറുകെയൊറ്റക്ക് കരഞ്ഞുപോകുന്ന തോണി

**അഭിലാഷ്. കെ**

മഞ്ഞിൻ നാളങ്ങൾ വിതുമ്പുംപോലെ
ഹൃദയത്തിലവൾ വിളിക്കുന്നു.
പ്രണയത്താൽ കാട്ടുമരമൊന്നവളെ
ഇതൾ തൊട്ടുപുണരുന്നു.

അവളോ ഞെട്ടിപ്പറന്നുയർന്നു പോയ് !

ശതതന്ത്രിവീണാനാദത്തിൽ
നിന്നൂറി വീണൊരേകാന്തമായ
തടാകം പോലെയവന്റെ ചില്ലകൾ,
അതിനകുറുകെയൊറ്റക്കു
കരഞ്ഞു പോകുന്ന തോണിയാണവൾ!

അവളുടെ കണ്ണുനീർത്തുഴയാഴ്ന്ന്
തടാകഹൃദയം കോറിമുറിയുന്നു

ആ കാട്ടുമരത്തിനാഗ്രഹമവളിലങ്ങനെ
പൂവിടാൻ കായാവാൻ മൂത്തുപഴക്കാൻ

മഞ്ഞിൻ നാളത്തിനാൽ
ഹൃദയത്തിൽ തട്ടിയവൾ
പിന്നെയും വിതുമ്പി വിളിക്കുന്നു.
അവളുടെ ചിറകുകൾ
കണ്ണും പൂട്ടിക്കുതിക്കുന്നു.

# വരകൾ വർണ്ണങ്ങൾ

**ശിവാനി. പി.ജി** (8G)



**സനത്ത്. കെ.യു (എസ് 1)**



# എഴുത്ത്

**ജിപ്സൺ ജേക്കബ്**

കുപ്പിക്കഴുത്തിലെ
ഗോലിപോൽ നിശ്ചലം
നിൽപ്പാണു വാക്കുവി-
ലങ്ങനെ തൊണ്ടയിൽ

വാക്കുവഴങ്ങുന്ന
നേരവും കാത്തുള്ളി-
ലക്ഷമകൊൾകയാ-
ണാശയ വാതകം

കൈവിരൽ തുമ്പിനാൽ
ഗോലിയൊതുക്കീട്ടെ-
ന്നുള്ളിലെ വിമ്മിട്ട-
ക്കെട്ടഴിക്കുന്നു ഞാൻ

പക്ഷേ,യുചിതമാം
ഗോലിയെക്കുട്ടാതെ
പോയുറയുന്നിതെ-
ന്നാശയമെപ്പോഴും?

# ഡിജിറ്റൽ മാഗസിന്റെ അണിയറയിൽ

*Chief Editor : P.V. Vijayakumari ( Headmistress)*

*Staff Editors : Jipson Jacob & Sindhu. K*

*Student Editor : Anaina*

*Typesetting : Members of Little KITEs Unit*

*Cover Photo & Design : Jipson Jacob*

*First Published : 2019 January*